# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ് 2025,ന് പ്രധാനമന്ത്രി നരേന്ദ്രമോദി മുംബൈയിൽ ഇന്ന് തുടക്കം കുറിക്കും ; രാജ്യത്തിന്റെ വിനോദ വ്യവസായ മേഖലയെ ഉച്ചകോടി പുതിയ ഉയരങ്ങളിലേക്ക് നയിക്കുമെന്ന് പ്രതീക്ഷ.

**Prime Minister Narendra Modi will inaugurate the first World Audiovisual and Entertainment Summit, Waves 2025, in Mumbai today; the summit is expected to take the country's entertainment industry to new heights.**

2.) കേരളത്തിന്റെ സ്വപ്ന പദ്ധതി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും ; ഉദ്ഘാടന ചടങ്ങിനായി പ്രധാനമന്ത്രി ഇന്ന് തിരുവനന്തപുരത്തെത്തും.

**Prime Minister Narendra Modi will dedicate Kerala's dream project, Vizhinjam International Port, to the nation tomorrow; the Prime Minister will arrive in Thiruvananthapuram today for the inauguration ceremony.**

3.) പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പാകിസ്ഥാനുള്ള വ്യോമ പാതകൾ അടച്ച് ഇന്ത്യ ; ദേശീയ സുരക്ഷാ ഉപദേശക സമിതി പുനഃസംഘടിപ്പിച്ചു.

**India has closed its airspace for Pakistan airlines in the wake of Pahalgam terror attack; The National Security Advisory Council has been reorganized.**

4.) തൊഴിലാളികളുടെ അവകാശങ്ങളും തൊഴിലിന്റെ മഹത്വവും ഓർമ്മപ്പെടുത്തി ഇന്ന് മേയ് ദിനം.

**Today is May Day, a reminder of workers' rights and the glory of labour.**

5.) ഐ പി എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്സിനെ നാലു വിക്കറ്റിന് പരാജയപ്പെടുത്തി പഞ്ചാബ് കിങ്സ്.

**Punjab Kings defeated Chennai Super Kings by four wickets in IPL cricket.**

********************************

## INDIA – WAVES SUMMIT (INTRO)

ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ് 2025-ന്റെ ആദ്യ പതിപ്പിന് ഇന്ന് മുംബൈയിൽ തുടക്കം. നാലു ദിവസത്തെ ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

(ഹോൾഡ് വോയ്സ്..........)

മുംബൈ ജിയോ വേൾഡ് കൺവെൻഷൻ സെൻററിൽ നടക്കുന്ന ഉച്ചകോടി വിനോദ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സുപ്രധാന ചർച്ചകൾക്ക് സാക്ഷ്യം വഹിക്കും. ദൃശ്യ ശ്രാവ്യ - വിനോദ മേഖലയകളിൽ പ്രവർത്തിക്കുന്ന യുവജനങ്ങൾക്ക് ആഗോളതല വേദി ഒരുക്കുകയാണ് ഉച്ചകോടിയുടെ ലക്ഷ്യം മാധ്യമ, വിനോദ, ഡിജിറ്റൽ സാങ്കേതിക വിദ്യ രംഗത്ത് ഇന്ത്യയെ ആഗോളശക്തിയാക്കി മാറ്റാൻ വേവ്സ് ഉച്ചകോടി ലക്ഷ്യമിടുന്നു. സിനിമ, ഒടിടി, ഗെയിമിങ്, കോമിക്സ് , ഡിജിറ്റൽ മാധ്യമം, നിർമ്മിത ബുദ്ധി, സംപ്രേഷണം, സാങ്കേതിക വിദ്യ തുടങ്ങി വിവിധ മേഖലകളെ ഉച്ചകോടി സംയോജിപ്പിക്കും. മാധ്യമ, വിനോദ രംഗങ്ങളിലെ ആഗോള പ്രമുഖർ പങ്കെടുക്കും. 100 രാജ്യങ്ങളിൽ നിന്നായി 5,000 ത്തോളം പ്രതിനിധികളാണ് വേവ്സ് 2025 ൽ പങ്കെടുക്കുന്നത്. ന്യൂസ് ഡെസ്ക് ആകാശവാണി........

*****************************

## VIZHINJAM – PM

കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും. വിഴിഞ്ഞം തുറമുഖത്ത് രാവിലെ 11 മണിക്ക് പ്രത്യേകം തയ്യാറാക്കിയ വേദിയിലാണ് ഉദ്ഘാടന ചടങ്ങ്. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ഷിപ്പിങ്ങ് മന്ത്രി സർബാനന്ദ സോനോവാൾ, ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുക്കും. 8,900 കോടി രൂപ ചെലവിൽ പണി പൂർത്തിയാക്കുന്ന വിഴിഞ്ഞം രാജ്യത്തെ ആദ്യ സമർപ്പിത കണ്ടെയ്നർ കപ്പൽ ചരക്ക് കൈമാറ്റ തുറമുഖമാണ്. ഉദ്ഘാടന ചടങ്ങിനായി പ്രധാനമന്ത്രി ഇന്ന് വൈകിട്ട് 7.50 ന് തിരുവനന്തപുരത്തെത്തും.

*****************************

## CM – VIZHINJAM

കൂടുതൽ ആഗോള സമുദ്ര വ്യാപാരത്തെ ഇന്ത്യയിലേക്ക് ആകർഷിക്കുന്ന ഒരു പുതിയ കവാടമായി വിഴിഞ്ഞം തുറമുഖം മാറുന്നതോടെ രാജ്യത്തിൻറെ പുതിയ സമുദ്ര യുഗത്തിന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് ഇന്ത്യൻ വ്യാപാരത്തിനും ലോജിസ്റ്റിക്സിനും ആഗോള തലത്തിൽ നിർണ്ണായക സ്ഥാനം നൽകുന്ന ഒരു പുതിയ യുഗത്തിൻറെ പ്രാരംഭ മുഹൂർത്തമാവുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു

*****************************

## TRAFFIC REGULATIONS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് ഉച്ചയ്ക്ക് 02.00 മണി മുതൽ

രാത്രി 10.00 മണി വരെയും നാളെ രാവിലെ 06.30 മുതൽ ഉച്ചയ്ക്ക് 02.00 മണി വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രധാന റോഡുകളിലും സമീപമുള്ള ഇടറോഡുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കില്ല.

*******************************

## MORN. INDIA PAK AIRSPACE

പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പാകിസ്ഥാനുള്ള വ്യോമ പാതകൾ അടച്ച് ഇന്ത്യ. ഏപ്രിൽ 30 മുതൽ മേയ് 23 വരെ നിയന്ത്രണം പ്രാബല്യത്തിൽ ഉണ്ടാകും. തുടർന്നുള്ള നടപടി അടുത്ത ഘട്ടത്തിൽ സ്വീകരിക്കും. പാകിസ്ഥാനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വിമാനങ്ങൾക്കോ പാക് വിമാനകമ്പനികൾ നിയന്ത്രിക്കുന്നതോ വാടകയ്ക്ക് എടുത്തിരിക്കുന്നതോ ആയ വിമാനങ്ങൾക്കോ ഇന്ത്യൻ വ്യോമ പാത ഉപയോഗിക്കാൻ സാധിക്കില്ലെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു. ഇത് സംബന്ധിച്ച് പാക് വിമാനകമ്പനികൾക്ക് നോട്ടീസ് നൽകിയതായും മന്ത്രാലയം അറിയിച്ചു.

*******************************

## NSAB – PAHALGAM

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ദേശീയ സുരക്ഷാ ഉപദേശക സമിതി പുനഃസംഘടിപ്പിച്ച് കേന്ദ്രസർക്കാർ. റോ- മുൻ മേധാവി ആലോക് ജോഷിയാണ് സമിതി ചെയർമാൻ. ഏഴംഗ സമിതിയിൽ സൈനിക-പോലീസ്, വിദേശകാര്യ മേഖലകളിലെ പ്രമുഖ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു.

*******************************

## PM-PRAGATI MEET

കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ സജീവ ഭരണനിർവഹണത്തിനും സമയോചിത ഇടപെടലിനുമായുള്ള ഐസിടി അധിഷ്ഠിത ബഹുതലവേദി 'പ്രഗതി'യുടെ 46-ാമത് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ അധ്യക്ഷത വഹിച്ചു. പ്രധാൻമന്ത്രി മാതൃ വന്ദന യോജനയുമായി ബന്ധപ്പെട്ട പരാതിപരിഹാരം അവലോകനം ചെയ്യവേ, ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ബയോമെട്രിക്സ് അടിസ്ഥാനമാക്കിയുള്ള പരിശോധന കർശനമായി നടക്കുന്നുവെന്ന് എല്ലാ മന്ത്രാലയങ്ങളും ഉറപ്പാക്കണമെന്ന് പ്രധാനമന്ത്രി നിർദേശിച്ചു. റിങ് റോഡ് വികസനവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യപദ്ധതി അവലോകനം ചെയ്യുന്നതിനിടെ, വിശാലമായ നഗരാസൂത്രണ ശ്രമങ്ങളുടെ പ്രധാന ഘടകമായി റിങ് റോഡ് വികസനം സംയോജിപ്പിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*****************************************

## CABINET (INTRO)

രാജ്യത്ത് പൊതുസെൻസസിനൊപ്പം ജാതി സെൻസസ് കൂടി ഉൾപ്പെടുത്താൻ കേന്ദ്രമന്ത്രിസഭാ യോഗ തീരുമാനം. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ രാഷ്ട്രീയ കാര്യ സമിതി യോഗമാണ് ഇത് സംബന്ധിച്ച തീരുമാനം കൈകൊണ്ടത്. 2025-26 സീസണിൽ കരിമ്പ് കർഷകർക്ക് ആദായകരമാകുന്ന തരത്തിൽ ക്വിൻറലിന് 355 രൂപ നിരക്കിൽ നൽകാനും മന്ത്രിസഭ അംഗീകാരം നൽകിയതായി

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു

( ഹോൾഡ് വോയ്സ്.........)

ഷില്ലോങ്ങിൽ നിന്ന് സിൽച്ചാറിലേക്ക് പുതിയ ഹൈവേ നിർമ്മിക്കാനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

*******************************

## RAJNATH – MOSCO

രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിങ് ഈ മാസം 9-ന് റഷ്യ സന്ദർശിക്കും. മോസ്കോയിൽ നടക്കുന്ന വിക്ടറി ദിന പരേഡിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ശ്രീ. രാജ്നാഥ് സിങ് പങ്കെടുക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

*******************************

## MAY DAY

ഇന്ന് മേയ് ദിനം. എട്ടു മണിക്കൂർ ജോലിസമയം എന്ന അവകാശം നേടിയെടുക്കാൻ നടത്തിയ പോരാട്ടങ്ങളുടെ സ്മരണ പുതുക്കലായാണ് ലോകമെങ്ങും മേയ് ദിനം ആചരിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലിൻറെ മഹത്വത്തെത്തെ ബഹുമാനിക്കാനും സാർവ്വദേശീയ തൊഴിലാളി ദിനം ഓർമ്മപ്പെടുത്തുന്നു. വിവിധ തൊഴിലാളി സംഘടനകളുടെ ആഭിമുഖ്യത്തിൽ റാലികൾ, പൊതുയോഗം തുടങ്ങിയ പരിപാടികകൾ ഇന്ന് നടക്കും.

*******************************

## ANGOLA-PRESIDENT VISIT

അംഗോള പ്രസിഡൻറ് ജോവോ മാനുവൽ ഗോൺകാൽവ്സ് ലോറൻകോ ഇന്ന് മുതൽ ഈ മാസം 4 വരെ ഇന്ത്യ സന്ദർശിക്കും.

മറ്റന്നാൾ രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപദി മുർമു ലോറൻകോയ്ക്ക് ആചാരപരമായ സ്വീകരണം നൽകും. രാഷ്ട്രപതിയുമായും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും അദ്ദേഹം പ്രതിനിധിതല ചർച്ചകൾ നടത്തും. സന്ദർശനത്തിനിടെ നിരവധി ധാരണാപത്രങ്ങളിലും കരാറുകളിലും ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം ഇന്ത്യയും അംഗോളയും നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 40-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് സന്ദർശനം.

*******************************

## US-UKRAINE MINERAL DEAL

കീവിലെ ധാതുസമ്പത്തിൻറെ ഒരുപങ്ക് യു.എസിന് നൽകുന്നത് സംബന്ധിച്ച കരാറിൽ യുക്രൈനുമായി ഒപ്പു വച്ചതായി അമേരിക്ക. യുക്രൈൻ പുനർനിർമ്മാണ ധനസഹായത്തിന് പകരമായാണ് കരാർ. മാസങ്ങൾ നീണ്ട ചർച്ചകൾക്ക് ഒടുവിലാണ് കരാറിൽ ഒപ്പു വച്ചത്.

*******************************

## IRAN-US-4TH ROUND OF TALKS

ഒമാൻ മധ്യസ്ഥയിൽ ചേരുന്ന നാലാംവട്ട അമേരിക്ക- ഇറാൻ ആണവചർച്ചകൾ ശനിയാഴ്ച റോമിൽ ചേരുമെന്ന് ഇറാൻ വിദേശകാര്യമന്ത്രി. തെഹറാനിൽ മാധ്യമപ്രവർത്തകരോട് സംവദിക്കുകയായിരുന്നു അദ്ദേഹം. അമേരിക്ക ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധം എടുത്തുമാറ്റുന്നതും Joint Comprehensive Plan of Action സംബന്ധിച്ചും ചർച്ചകൾ നടക്കും.

*******************************

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നാലു വിക്കറ്റിന്

പരാജയപ്പെടുത്തി. ചെന്നൈ ഉയർത്തിയ 191 റൺസ് വിജയലക്ഷ്യം രണ്ടുപന്ത് ബാക്കിനിൽക്കെ പഞ്ചാബ് മറികടന്നു. ഇന്ന് രാത്രി 07.30 ന് ജയ്പ്പൂരിൽ നടക്കുന്ന മത്സരത്തിൽ രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും

*******************************

## RELAY-NATIONAL RECORD

ചണ്ഡീഗഡിൽ നടന്ന രണ്ടാമത് ഇന്ത്യ- ഓപ്പൺ റിലേ മത്സരങ്ങളിൽ 4 x 100 മീറ്റർ റിലേയിൽ ഗുർവീന്ദർ സിങ്, അനിമേഷ് കുജൂർ, മണികന്ത ഹോബലീധർ, അമലാൻ ബോർഗുഹേൻ എന്നിവർ ഉൾപ്പെട്ട ടീം ദേശീയ റെക്കോർഡ് മറികടന്നു. **38.69** സെക്കൻഡിലാണ് **38.89** സെക്കൻഡ് എന്ന റെക്കോർഡ് മറികടന്നത്.

*******************************

## TRI-NATION SERIES CRICKET

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റിൽ നാളെ നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക ദക്ഷിണാഫ്രിക്കയെ നേരിടും. ശ്രീലങ്കയിലെ പ്രേമദാസ സ്റ്റേഡിയത്തിൽ രാവിലെ പത്തിന് മത്സരം ആരംഭിക്കും. ഇന്ത്യയുടെ മൂന്നാം മത്സരം ഈ മാസം നാലിന് ശ്രീലങ്കയുമായി നടക്കും. കഴിഞ്ഞ രണ്ടുകളികളിലും ഇന്ത്യയ്ക്കായിരുന്നു ജയം .

*******************************

## TRIBAL-SPACE LABS

രാജ്യത്തെ 19 സംസ്ഥാനങ്ങളിലായി ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ മാതൃകയിൽ 75 ബഹിരാകാശ ലാബുകൾ നിർമ്മിക്കാൻ ഗോത്രവർഗ കാര്യ മന്ത്രാലയവും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും തീരുമാനിച്ചു. വിദ്യാഭ്യാസ വിടവുകൾ

നികത്തി ശാസ്ത്ര- സാങ്കേതിക വിദ്യ, എഞ്ചിനീയറിങ്, ഗണിതം എന്നിവയിലെ അവസരങ്ങൾ ഗോത്ര വിഭാഗങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യം.

******************************

## AMEBIC ENCEPHALITIS

കേരളത്തിൽ അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാനായി പുതുക്കിയ കർമ പദ്ധതി തയ്യാറാക്കിയതായി മന്ത്രി വീണാ ജോർജ്. മസ്തിഷ്ക ജ്വരം സംശയിക്കുന്ന എല്ലാ രോഗികളിലും രോഗ നിർണയ പരിശോധന നടത്തും. വിദ്യാർത്ഥികൾക്കും ജലാശയങ്ങളുമായി ഇടപഴകുന്നവർക്കും അവബോധം നൽകാനും നടപടി സ്വീകരിക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

******************************

## MP-STUBBLE BURNING

കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്നതിന് മധ്യപ്രദേശ് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തി. കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്ന കർഷകർക്ക് കിസാൻ കല്യാൺ യോജനയുടെ ഗുണങ്ങൾ ലഭിക്കില്ലെന്നും സർക്കാർ അറിയിച്ചു. കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്ന സംഭവങ്ങൾ വർദ്ധിക്കുന്ന പശ്ചാത്തലത്തിലാണ് തീരുമാനം.

************************************************************************************

****************************************